# ‘ആരാധന’

## യെശയ്യാവു 6:2–3

“സാറാഫുകൾ അവന്നു ചുറ്റും നിന്നു; ഓരോരുത്തന്നു ആറാറു ചിറകുണ്ടായിരുന്നു; രണ്ടു കൊണ്ടു അവർ മുഖം മൂടി; രണ്ടു കൊണ്ടു കാൽ മൂടി; രണ്ടു കൊണ്ടു പറന്നു. ഒരുത്തനോടു ഒരുത്തൻ; സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സർവ്വഭൂമിയും അവന്റെ മഹത്വം കൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു ആർത്തുപറഞ്ഞു.”

ഒന്നു ആലോചിച്ചാൽ എന്തു വലിയൊരു വെളിപ്പാടാണ് യെശയ്യാവിന്നു ലഭിച്ചത്. സ്വർഗ്ഗീയ മാലാഖമാർ ദൈവത്തെ അവന്റെ പൂർണ്ണതയിലും പരിശുദ്ധതയിലും ആരാധിക്കുന്ന കാഴ്ച ഒരു നോക്കു കാണുവാനുള്ള ഭാഗ്യം യെശയ്യാവിന്നുണ്ടായി. ദൈവത്തിന്റെ പരിശുദ്ധത പൂർണ്ണമായി മനസ്സിലാക്കിയ, ആറാറു ചിറകുണ്ടായിരുന്ന അവർ രണ്ടു കൊണ്ടു മുഖം മൂടി; രണ്ടു കൊണ്ടു കാൽ മൂടി; രണ്ടു കൊണ്ടു പറന്നു ദൈവത്തിന്റെ ആ പരിശുദ്ധതക്കൊത്ത് അവിടെപ്രതികരിക്കുന്നതായി കാണാം. സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു പരസ്പരം ഏറ്റു പറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തുന്നത് കാണാം.

എന്നാൽ ഇന്നത്തെ ലോകത്തിലേക്ക് നോക്കിയാൽ നാം കാണുന്ന അവസ്ഥ അതാണോ? ദൈവത്തെയും അവന്റെ നാമത്തെയും ഇന്നു നമ്മുടെ സമൂഹത്തിൽ തുഛീകരിച്ചുകൊണ്ട് കടന്നുപോകുന്നതിനാണ് നാം ഓരോരുത്തരും സാക്ഷ്യം വഹിക്കുന്നത്. ദൈവത്തെ അവന്റെ പരിശുദ്ധതക്കും, പൂർണ്ണതക്കും ഒത്തവണ്ണം ആരാധിക്കേണ്ടതിന്നു പകരം അവനെ നമ്മുടെ ഇഷ്ടങ്ങൾക്കും നമ്മുടെ ആവശ്യങ്ങൾക്കുമുപകരിക്കുന്ന ഒരാളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇന്നു സാത്താൻ അവന്റെ ഉപായത്താൽ ഈ ലോകത്തിലെ ജനതയെ ഒന്നടങ്കം ദൈവനാമത്തെ ദുരുപയോഗം ചെയ്യുന്നതിലേക്കും മനുഷ്യരുടെമേൽ അവനുള്ള അധികാരത്തെ ഇല്ലാതാക്കുന്നതിനും അവനെതിരായി പോരാടുന്നതിന്നും ഒരുക്കിക്കൊണ്ടിരിക്കുകയാണ്. മനുഷ്യരാശി ഒന്നടങ്കം ദൈവത്തിൽ നിന്ന് വളരെ വേഗം ഓടി അകന്നു കൊണ്ടിരിക്കുകയാണ്. അതു വഴി ദൈവം തന്റെ ജനത്തിന്നു ഒരുക്കിവെച്ചിരിക്കുന്ന പദ്ധതികളിൽ നിന്നും, അതുപോലെ തന്റെ ഏകജാതനായ പുത്രനെ യാഗമായി അർപ്പിച്ച് നേടിയ തന്റെ ജനത്തിന്നുള്ള സ്നേഹത്തിൽ നിന്നും അവർ തെന്നിമാറിപ്പോകുകയും ചെയ്യുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തു ഈ ലോകത്തിലേക്കു കടന്നു വന്ന് തന്റെ നിർദ്ദോഷവും, നിഷ്കളങ്കവും, പരിശുദ്ധവുമായ രക്തം നമ്മുടെ പാപങ്ങൾക്കായി കുരിശ്ശിൽ ചൊരിഞ്ഞപ്പോൾ അവൻ നമ്മെ, നമുക്ക് അവനിലുള്ള വിശ്വാസത്താലും ഉറപ്പിനാലും, ദൈവത്തിന്റെ പരിശുദ്ധതക്കൊത്തവണ്ണം അവന്റെ ദൃഷ്ടിയിൽ നാം വിശുദ്ധന്മാരായിത്തീരാൻ ഒരു വഴിതുറക്കുകയാണുണ്ടായത്. അങ്ങനെ നമുക്കുവേണ്ടി ദൈവത്തിന്റെ അടുത്ത് നിരന്തരം മദ്ധ്യസ്ഥം ചെയ്യുന്ന ഒരു നല്ല ഏകമദ്ധ്യസ്ഥനായി അവൻ ഇന്നും നമുക്ക് വേണ്ടി ജീവിക്കുന്നു. അതുമൂലം നമുക്ക് എപ്പോൾ വേണമെങ്കിലും ദൈവത്തിന്റെ അടുത്ത് കടന്നുചെല്ലാം കാരണം നാം അവന്റെ സ്വന്തരക്തം വിലകൊടുത്ത് വാങ്ങിയ മക്കളാണ്.

എഫേസ്യർ 3:12 “അവനിൽ ആശ്രയിച്ചിട്ടു അവങ്കലുള്ള വിശ്വാസത്താൽ നമുക്കു ധൈര്യവും പ്രവേശനവും ഉണ്ടു.”

അതിലേറെ അതിശയിപ്പിക്കുന്ന അല്ലെങ്കിൽ വിസ്മയിപ്പിക്കുന്ന ഒരു കാര്യമെന്നു പറയുന്നത് ക്രിസ്തുവിന്റെ രക്തം നമ്മെ സകലപാപത്തിൽ നിന്നും മോചിപ്പിച്ച് നമ്മെ കഴുകിവെടിപ്പാക്കി ശുദ്ധരാക്കിത്തീർത്തപ്പോൾ അതിൽ വിശ്വസിക്കുകയും ആ ഉറപ്പിന്മേൽ ജീവിതം മുന്നോട്ട് നയിക്കുകയും ചെയ്യുകവഴി നമുക്ക് പരിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിൽ അവന്റെ തേജസ്സിന്റെ മുമ്പാകെ നിൽക്കാനുള്ള അവകാശം ഉണ്ടെന്നുള്ളതാണ്. ആ കൃപ അനുഭവിക്കുന്ന നാം ഓരോരുത്തരും ഇന്നു അതിന്നായി ദൈവത്തിന്നു നന്ദി പറഞ്ഞുവോ? അവന്റെ സന്നിധിയിൽ കടന്നു ചെന്ന് അവനെ അവന്റെ പരിശുദ്ധതക്കും പൂർണ്ണതക്കും ഒത്തവണ്ണം ഒന്നു ആരാധിച്ചുവോ? ആ സാറാഫുകൾ ദൈവത്തെ അരാധിച്ചതുപോലെ നമുക്കും അവനെ ആരാധിക്കാം. അതിന്നു ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ ഓരോരുത്തരെയും സഹായിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 63:3–6

“നിന്റെ ദയ ജീവനേക്കാൾ നല്ലതാകുന്നു; എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും. എന്റെ ജീവകാലം ഒക്കെയും ഞാൻ അങ്ങനെ നിന്നെ വാഴ്ത്തും; നിന്റെ നാമത്തിൽ ഞാൻ എന്റെ കൈകളെ മലർത്തും. എന്റെ കിടക്കയിൽ നിന്നെ ഓർക്കയും ഞാൻ രാത്രിയാമങ്ങളിൽ നിന്നെ ധ്യാനിക്കുകയും ചെയ്യുമ്പോൾ എന്റെ പ്രാണന്നു മജ്ജയും മേദസ്സും കൊണ്ടെന്നപോലെ തൃപ്തിവരുന്നു; എന്റെ വായ് സന്തോഷമുള്ള അധരങ്ങളാൽ നിന്നെ സ്തുതിക്കുന്നു.”

ബ്രദർ ബിനു ബേബി ആലപ്പുഴ 021